"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആഭ്യന്തര വകുപ്പ് - ഫയർ & റെസ്ക്യൂ സർവ്വീസസ് -അരൂർ ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം - തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ റിപ്പോർട്ടുകൾ ലഭിക്കുന്നതിന് വേണ്ടിവരുന്ന തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു-

---

ആഭ്യന്തര (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.2570/2024/HOME തീയതി,തിരുവനന്തപുരം, 03-09-2024

---

പരാമർശം:-

1. ജി.ഒ. (എം.എസ്) നം. 1/ 2015/ S&TD, തീയതി. 25.03.2015.
2. സ.ഉ.(സാധാ) 1070/2021/പൊ.മ.വ. തീയതി 01.12.2021.
3. ഫയർ ആന്റ് റസ്ക്യൂ സർവീസസ് ഡയറക്ടർ ജനറലിന്റെ 01.01.2024,01.04.2024 തീയതികളിലെ FIREHQ/2815/2023-F1 നമ്പർ കത്തുകൾ.
4. 30.07.2024-ലെ സ.ഉ.(സാധാ) നം.5842/2024/ധന ഉത്തരവ്.

അരൂർ ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിന് പരാമർശം (2) പ്രകാരം 290 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഫയർ സ്റ്റേഷൻ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം CRZ മേഖലയിൽ ഉൾപ്പെടുന്ന പ്രദേശമായതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കേരള തീരദേശ പരിപാലന അതോറിറ്റിയുടെ (KCZMA) അനുമതി ആവശ്യമുണ്ടെന്നും ആയത് ലഭിക്കുന്നതിന് ആവശ്യമുള്ള, Disaster Management Plan & Risk Assessment Report, CRZ status report to Disaster management Report എന്നിവ Thiruvananthapuram, National Centre for Earth Science Studies (NCESS)-ൽ നിന്നും ലഭിക്കുന്നതിനായി 3,71,700/- (3,15,000 + 18% GST) രൂപയും CRZ status report to Disaster Management Report ലഭിക്കുന്നതിന് പ്രകൃതി കൺസൾട്ടൻസി എന്ന സ്ഥാപനത്തിന് നൽകുന്നതിനായി 15,000/-രൂപയും, പരാമർശം (1) പ്രകാരം CRZ ക്ലിയറൻസ് അനുമതിക്കായി പരിശോധന ഫീസായി കേരള തീരദേശ പരിപാലന അതോറിറ്റിയിൽ ഒടുക്കുന്നതിനായി 4,00,000/- രൂപയും ഉൾപ്പെടെ ആകെ 7,86,700/-രൂപ ഏഴ് ലക്ഷത്തി എൺപത്തി ആറായിരത്തി എഴുന്നൂറ് രൂപ മാത്രം ആവശ്യമാണെന്നും ടി ചെലവുകൾക്ക് ആവശ്യമുള്ള തുക "2070-00-108-98-01-34-3" ശീർഷകത്തിൽ ലഭ്യമല്ലാത്തതിനാൽ ആ ശീർഷകത്തിൽ ആവശ്യമായ തുക വകയിരുത്തി ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കണമെന്നും പരാമർശം (3) പ്രകാരം ഡയറക്ടർ ജനറൽ അഭ്യർഥിച്ചിരുന്നു. തുടർന്ന് പരാമർശം (4) പ്രകാരം 1,75,000/- രൂപ അധിക ധനാനുമതിയിലൂടെ "2070-00-108-98-01-34-3" ശീർഷകത്തിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അരൂർ ഫയർ സ്റ്റേഷന്റെ നിർമ്മാണ

പ്രവർത്തനങ്ങൾക്ക് കേരള തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമുള്ള Disaster Management Plan & Risk Assessment Report, CRZ status report to Disaster management Report എന്നിവ Thiruvananthapuram, National Centre for Earth Science Studies (NCESS)-ൽ നിന്നും ലഭിക്കുന്നതിനായി 3,71,700/-(മൂന്നു ലക്ഷത്തി എഴുപത്തി ഒന്നായിരത്തി എഴുനൂറ് (3,15,000 + 18% GST) രൂപയും CRZ status report to Disaster Management Report ലഭിക്കുന്നതിന് പ്രകൃതി കൺസൾട്ടൻസി എന്ന സ്ഥാപനത്തിന് നൽകുന്നതിനായി 15,000/- (പതിനയ്യായിരം) രൂപയും, CRZ ക്ലിയറൻസ് അനുമതിക്കായി പരിശോധന ഫീസായി കേരള തീരദേശ പരിപാലന അതോറിറ്റിയിൽ ഒടുക്കുന്നതിനായി 4,00,000/- (നാല് ലക്ഷം ) രൂപയും ഉൾപ്പെടെ ആകെ 7,86,700/- (ഏഴ് ലക്ഷത്തി എൺപത്തി ആറായിരത്തി എഴുനൂറ്) രൂപ "2070-00- 108-98-01-34-3" ശീർഷകത്തിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ ശിവദാസൻ
ജോയിന്റ് സെക്രട്ടറി

1) ഡയറക്ടർ ജനറൽ, കേരള ഫയർ & റെസ്ക്യൂ സർവ്വീസസ്, തിരുവനന്തപുരം.

2) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) / (എ&ഇ), കേരളം, തിരുവനന്തപുരം.

3) ധനകാര്യ വകുപ്പ് (15.08.2024-ലെ വ്യയം-ബി1/92/2024-ഫിൻ പ്രകാരം).

4) വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

5) കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Shabeer S
Date: 03-09-2024 16:05:41
സെക്ഷൻ ഓഫീസർ